**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3693** **27-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ. ക്യാമറകൾ സ്ഥാപിതമായ ശേഷം വാഹന അപകടങ്ങളിലുണ്ടായ കുറവിന്റെ തോത് വിശദമാക്കാമോ; | (എ) | എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് മുൻപുള്ള ഒരു വർഷത്തെ റോഡപകങ്ങളുടെ കണക്കുകൾ പ്രകാരം 01.06.20 22 മുതൽ 3105.2023 വരെ 46130 റോഡപകടങ്ങളും 4283 റോഡപകട മരണങ്ങളും നടന്നിട്ടുണ്ട്. എ.ഐ ക്യാമറകൾ സ്ഥാപിച്ച ശേഷമുള്ള ഒരു വർഷത്തെ റോഡപകടങ്ങളുടെ കണക്കുകൾ പ്രകാരം 01.06.2023 മുതൽ 31.05.2024 വരെ 49109 റോഡപകടങ്ങളും 3897 റോഡപകടമരണങ്ങളും നടന്നിട്ടുണ്ട്. മേൽ കണക്കുകൾ പ്രകാരം എഐ ക്യാമറകൾ സ്ഥാപിച്ചതിനു ശേഷം റോഡ് അപകടങ്ങൾ കണ്ടെത്തുന്നതിൽ വലിയ വർദ്ധനവും റോഡ് അപകടമരണങ്ങളിൽ 9.01% കുറവും ഉണ്ടായിട്ടുണ്ട്. |
| (ബി) | എ.ഐ. ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അത് നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ